
# Athmaraksha.org

പ്രത്യേക അവസരങ്ങളിലെ പ്രാർത്ഥനകൾ

## രോഗികൾക്കുവേണ്ടി പ്രാർത്ഥന-Sick




## രോഗികൾക്കുവേണ്ടി പ്രാർത്ഥന

ആരോഗ്യവാന്മാർക്കല്ല രോഗികൾക്കാണ വൈദ്യനെക്കൊണ്ടാവശ്യം എന്നരുളിച്ചെയ്തുകൊണ്ട് രോഗികളോടും പീഢിതരോടും അവശരോടും അങ്ങ് സവിശേഷമായ പരിഗണനയും സ്നേഹവും പ്രകടിപ്പിക്കുന്നു. ആത്മീയമായും ശാരീരികമായും അവശത അനുഭവിക്കുന്ന രോഗികളെ അങ്ങ് സന്ദർശിക്കുകയും ആശ്വസിപ്പിക്കുകയും സൗഖ്യപ്പെടുത്തുകയും ചെയ്യുന്നു. അങ്ങേ മാതാവായ പരിശുദ്ധ കന്യാമറിയത്തിന്റെയും വിശുദ്ധ യൗസേപ്പിതാവിന്റേയും ഞങ്ങളുടെ പ്രത്യേകമദ്ധ്യസ്ഥരായ വിശുദ്ധരുടേയും ഭൂമിയിലെ എല്ലാ നീതിമാന്മാരുടേയും സുകൃതങ്ങളും പ്രാർത്ഥനകളും പരിഗണിച്ച് രോഗത്താൽ വലയുന്ന ഞങ്ങളുടെ ഈ സഹോദരനോട് / സഹോദരിയോട് (പേര് പറയുക) കരുണ കാണിക്കണമേ. എല്ലാ വേദനകളും ആകുലതകളും ആത്മാവിനും ശരീരത്തിനും ഉപകരിക്കത്തക്കവിധം ക്ഷമയോടും സന്തോഷത്തോടും ദൈവതിരുമനസ്സിനോടുള്ള വിധേയത്വത്തോടുംകൂടെ ശാന്തമായി സ്വീകരിക്കുവാൻ വേണ്ട അനുഗ്രഹങ്ങൾ നല്കേണമേ. ഇയാളെ (ഇവരെ) ചികിത്സിക്കുകയും പരിചരിക്കുകയും ചെയ്യുന്നവരെ അങ്ങ് അനുഗ്രഹിക്കേണമേ. രോഗികളുടെ ആശ്രയമായ ഈശോയെ, ഈ സഹോദരന്റെ സഹോദരിയുടെ പക്കൽ അങ്ങ് കാവലിരിക്കുകയും പാപപ്പൊറുതിയും ശരീരസൗഖ്യവും നല്കി അനുഗ്രഹിക്കുകയും ചെയ്യണമേ. ആമ്മേൻ.

## തിരുവചനം

അവിടുന്ന് നിന്റെ അകൃത്യങ്ങൾ ക്ഷമിക്കുന്നു. നിന്റെ രോഗങ്ങൾ സുഖപ്പെടുത്തുന്നു (സങ്കീർത്തനങ്ങൾ 103:3).

അപ്പോൾ തങ്ങളുടെ കഷ്ടതയിൽ അവർ കർത്താവിനോടു നിലവിളിച്ചപേക്ഷിച്ചു. അവിടുന്ന് അവരെ ഞെരുക്കങ്ങളിൽനിന്നു രക്ഷിച്ചു. അവിടുന്നു തന്റെ വചനം അയച്ച്, അവരെ സൗഖ്യമാക്കി, വിനാശത്തിൽനിന്നു വിടുവിച്ചു (സങ്കീ 107:19-20).

നിങ്ങളിൽ ആരെങ്കിലും രോഗിയാണെങ്കിൽ അവൻ സഭയിലെ ശ്രേഷ്ഠന്മാരെ വിളിക്കട്ടെ. അവർ കർത്താവിന്റെ നാമത്തിൽ അവനെ തൈലാഭിഷേകം ചെയ്ത് അവനുവേണ്ടി പ്രാർത്ഥിക്കട്ടെ. വിശ്വാസത്തോടെയുള്ള പ്രാർത്ഥന രോഗിയെ സുഖപ്പെടുത്തും. കർത്താവ് അവനെ എഴുന്നേൽപിക്കും, അവൻ പാപങ്ങൾ ചെയ്തിട്ടുണ്ടെങ്കിൽ അവിടുന്ന്

അവനു മാപ്പു നൽകും (യാക്കോബ് 5:14-15).

+++